# പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ സൂക്തങ്ങൾ

(പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പ്രസംഗങ്ങൾ, ലേഖനങ്ങൾ, ഗ്രന്ഥങ്ങൾ എന്നിവയിൽ നിന്നും സമാഹരിച്ച വിചാരരമണീയങ്ങളും, വിശ്വാസോദ്ബോധകങ്ങളുമായ സൂക്തങ്ങളാണിവ.)

**ദൈവം**

1. നമ്മുടെ ഉൾക്കണ്ണുകൾ കൊണ്ട് ദൈവത്തെ കണ്ട് ദൈവത്തിങ്കലേക്കു നോക്കുന്നിടത്തോളം കാലം ഒരു ദോഷവും നമ്മോട് അടുക്കുകയില്ല. സകല ദോഷത്തിൽനിന്നും അവൻ നമ്മെ കാത്തുകൊള്ളും. നമുക്ക് അപത്തുണ്ടായാലും രോഗം ഉണ്ടായാലും ദാരിദ്ര്യം ഉണ്ടായാലും നമ്മുടെ കണ്ണു ദൈവത്തിൽ നിന്നു പറിക്കാതെ ജീവിക്കുന്നിടത്തോളം കാലം നമുക്കു യാതൊരു ദോഷത്തെയും ഭയന്നിട്ടു കാര്യമില്ല.

2. പിതാവിന്റെ മനസ്സും ശ്രദ്ധയും ഹൃദയവും ദൃഷ്ടിയും എല്ലാ കുഞ്ഞുങ്ങൾക്കുമേൽ ഉണ്ടായിരിക്കും. ഇപ്രകാരമാണ് ദൈവവും അവന്റെ കുഞ്ഞുങ്ങളാകുന്ന നാം ഓരോരുത്തരെയും സ്നേഹിക്കുന്നത്.

3. കർത്താവിന്റെ മഹിമയോടു ചേർന്നു വസിക്കുന്നവർക്കു ഒരു കുലുക്കവും ഇളക്കവും ഇല്ല, അവർക്കു നല്ല ഉറപ്പും, ധൈര്യവും ഉണ്ടായിരുന്നു.

4. എന്തെല്ലാം ദുരിതങ്ങളും കഷ്ടതകളും ഉണ്ടായാലും അതെല്ലാം ദൈവകുഞ്ഞുങ്ങൾക്കു അനുഗ്രഹമായിട്ടെ തീരുകയുള്ളു. എന്തെന്നാൽ ദൈവപുത്രൻ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് എപ്പോഴും നമ്മെ അനുഗ്രഹിച്ചുകൊണ്ടു നിൽക്കുന്നു. അവന്റെ സഹോദരന്മാരാകുന്നു നാം. അവൻ പിതാവായ ദൈവത്തിന്റെ അടുക്കൽ എപ്പോഴും നമുക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന ചെയ്തുകൊണ്ടു നിൽക്കുന്നു.

**സഭ**

5. നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്.

6. സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്.

**കുരിശ്**

7. ക്രിസ്ത്യാനികളാകുന്ന നമുക്കു സ്ലീബാ ജയത്തിന്റെ അടയാളവും കൊടിയും ആകുന്നു. നമ്മുടെ അഭയസ്ഥാനവും ആശ്രയവും സ്ലീബാ ആകുന്നു.

8. ദൈവം സർവ്വശക്തനാണ്. അവൻ നമ്മുടെ രക്ഷയുടെ മാർഗ്ഗമായി നമുക്കു തന്നിട്ടുള്ള കുരിശിനെ ധരിച്ചുകൊണ്ടു ക്രിസ്ത്യാനികളായി നാം മുന്നോട്ടു പോകുന്നപക്ഷം ഈ കുരിശു സകല ആപത്തുകളിൽ നിന്നും നമ്മെ രക്ഷിക്കുകയും ആപത്തുകളെല്ലാം നമുക്ക് നന്മയുടെയും ഗുണത്തിന്റെയും വാതിലുകളായിതീരുകയും ചെയ്യും.

9. കുരിശ് എന്നു പറയുന്നത് വിനയത്തിന്റെയും ക്ഷമയുടെയും ലക്ഷ്യം ആകുന്നു. എന്നാൽ മറ്റുള്ളവർ പറയുന്ന എന്തും അനുസരിക്കും എന്നുള്ളതു വിനയവും ക്ഷമയും അല്ല. സത്യത്തിനും നീതിക്കുംവേണ്ടി കഷ്ടത സഹിക്കാൻ തയ്യാറാകുന്നതാണ് കുരിശ്. സത്യത്തിനും നീതിക്കുംവേണ്ടി എന്തു കഷ്ടത വന്നാലും ഞാൻ സഹിച്ചുകൊള്ളാമെന്നുവെക്കുന്ന മനസ്ഥിതിയിലാണ് വിനയവും ക്ഷമയും അടങ്ങിയിരിക്കുന്നത്.

**മാമ്മോദീസാ**

10. മാമോദീസായാൽ പുത്രസ്വീകാരം ലഭിക്കയും പാപമോചനത്തിനും ശുദ്ധമുള്ള റൂഹായുടെ ദാനത്തിനും ദൈവപുത്രന്മാരുടെ സംഘത്തിലുള്ള സംബന്ധത്തിനും പാത്രീഭവിക്കയും ചെയ്യുന്നു. എന്നാൽ ഭക്തിയോടും വിശ്വാസത്തോടുംകൂടെ മാമ്മോദീസാ മുതലായ കൂദാശകളെ കൈക്കൊള്ളേണ്ടതാകുന്നു.

11. വെള്ളത്താൽ ശരീരത്തിന്റെ അഴുക്കുകളെ കഴുകി കളയുന്ന പ്രകാരം സത്യവിശ്വാസത്തോടും ഭക്തിയോടുംകൂടെ മാമ്മോദീസാ കൈകൊള്ളുന്നവർ തങ്ങളുടെ ആത്മാക്കളുടെ പാപക്കറകളെ കഴുകി കളയുന്നതിനാൽ സ്നാനം എന്നർത്ഥമുള്ള മാമ്മോദീസാ എന്നും ഇതിനാൽ അറിവില്ലായ്മയുടെ അന്ധകാരത്തിൽനിന്നു ദൈവിക അറിവിന്റെ പ്രകാശത്തിലേക്കു അടുത്തു വരുന്നതിനാൽ പ്രകാശമെന്നും, ആദ്യമേ സ്ത്രീകളുടെ ഗർഭപാത്രത്തിൽ നിന്നു ജനിച്ചിരിക്കുന്നവർ രണ്ടാമതും മാമ്മോദീസയാകുന്ന ഗർഭപാത്രത്തിൽ നിന്നു കൃപയുടെ മക്കളായി ജനിക്കുന്നതിനാൽ വീണ്ടും ജനനമെന്നും ഇതിനു പേരുകൾ പറയുന്നുണ്ട്.

**കുർബാന**

12. കുർബാന എന്നതു നമ്മുടെ ആത്മാക്കളുടെ പുലർച്ചയ്ക്കും രക്ഷയ്ക്കുംവേണ്ടി ഭക്ഷണവും പാനീയവുമായി കർത്താവേശുമിശിഹായുടെ തിരുശരീരത്തിനു നമ്മെ സംബന്ധിപ്പിക്കുന്ന ഒരു കൂദാശയത്രെ.

13. വചനമായ ദൈവം മനുഷ്യസ്വഭാവത്തോടു യോജിച്ചതിനാൽ തന്റെ മനുഷ്യത്വത്തിനും ദൈവമെന്ന പേരു വിളിക്കപ്പെട്ടിരിക്കുന്നപ്രകാരം കുർബാനയിൽ അണയ്ക്കുന്ന അപ്പത്തിലും വീഞ്ഞിലും ശുദ്ധമുള്ള റൂഹായായ ദൈവം ആവസിക്കുന്നതിനാൽ, ഇത് എന്റെ ശരീരം ആകുന്നു എന്നും ഇത് എന്റെ രക്തം ആകുന്നു എന്നും ഉള്ള

http://www.malankaraorthodox.tv/

തന്റെ കല്പന പോലെ അവയെ കർത്താവിന്റെ ശരീരരക്തങ്ങളെന്നു വിശ്വസിപ്പാനുള്ളതാകുന്നു. അവ സ്വഭാവേന ശരീരരക്തങ്ങളെന്നല്ല എന്നാലോ കൃപയാലുള്ള ശരീര രക്തങ്ങളെന്നത്രേ.

14. കാഴ്ചയിലും രുചിയിലും വസ്തു ഭേദപ്പെട്ടു ശരീരരക്തങ്ങളായി തീരുന്നില്ലെങ്കിലും വിശ്വാസത്തോടും ഭക്തിയോടും കൂടെ കൈക്കൊള്ളുന്നവർക്ക് കർത്താവിന്റെ ശരീരരക്തങ്ങളുടെ ഫലമായ പാപമോചനവും നിത്യജീവനും ലഭിക്കുന്നതാകുന്നു. തിരിച്ചറിവും ഭക്തിയും കൂടാതെ ഭക്ഷിക്കുന്നവർക്കോ ശിക്ഷാവിധി ഉണ്ടാകയും ചെയ്യും.

15. കുർബാന മിശിഹായുടെ ശരീരരക്തങ്ങളുടെ ഒരു സംബന്ധം എന്നു മാത്രമല്ല പുതിയനിയമപ്രകാരമുള്ള ഒരു ബലിയും കാഴ്ചയുംകൂടി അത്രെ.

16. കുർബാന കൈക്കൊള്ളുന്നവർ സത്യ കുമ്പസാരം കഴിച്ചു വിശ്വാസത്തോടും ഭക്തിയോടും പ്രാർത്ഥനയോടും കുർബാനയുടെ ബഹുമാനത്തിനായി നോമ്പു മുതലായ ഒരുക്കങ്ങളോടും കൂടെ കൈക്കൊള്ളേണ്ടതാകുന്നു.

### കുമ്പസാരം

17. കുമ്പസാരം എന്നതു തങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങളെ കുറിച്ചു ദൈവത്തിന്റെ സ്ഥാനപതിയായ പട്ടക്കാരന്റെ മുമ്പാകെ ഏറ്റു പറഞ്ഞു ദൈവത്തോട് അനുതപിക്കുകയും അനുതാപം മൂലം പട്ടക്കാരൻ വഴിയായി ദൈവത്തിൽ നിന്ന് മോചനം ലഭിക്കയും ചെയ്യുന്നതായ ഒരു കൂദാശയത്രെ.

18. പട്ടക്കാരൻ ദൈവത്തിന്റെ സ്ഥാനപതികളായി പൊതുവെ ജനത്തോടു പ്രസംഗിച്ചു ഗുണദോഷിക്കുകയും പരസ്യമായ പാപങ്ങൾക്കു പരസ്യമായി ശാസിക്കുകയും അവരെ സത്യവഴിയിൽ നടത്തുകയും ചെയ്യേണ്ടതു കൂടാതെ, കഴിയുന്നതായിരുന്നാൽ ഓരോരുത്തരുടെ പ്രവൃത്തികളും അകമെയുള്ള സ്ഥിതിയും ഏതുപ്രകാരമിരിക്കുന്നുവെന്നറിഞ്ഞു പ്രത്യേകം പ്രത്യേകം ഓരോരുത്തർക്കു വേണ്ടിയിരിക്കുന്നപ്രകാരമുള്ള ഗുണദോഷങ്ങൾ പറഞ്ഞുകൊണ്ടു അവരെ വഴിതെറ്റിൽനിന്നു തിരിപ്പിക്കയും അവരുടെ പാപങ്ങളെക്കുറിച്ചു ഒരു പിതാവിനെപ്പോലെ സ്നേഹത്തോടു ശാസിക്കുകയും നോമ്പു ധർമ്മം മുതലായി ഓരോരുത്തർക്കും തക്കതായ ചില പ്രായശ്ചിത്തങ്ങൾ നിശ്ചയിക്കുകയും കർത്താവിന്റെ നീതിയെ ചൂണ്ടിക്കാണിച്ച് ഭയപ്പെടുത്തുകയും തന്റെ കരുണയെ കാണിച്ച് കൃപയിൽ ആശ്രയിപ്പിച്ച് ആശ്വസിപ്പിക്കയും അവരുടെമേൽ പാപപരിഹാരത്തിനായി പ്രാർത്ഥന കഴിച്ച് കർത്താവിന്റെ നാമത്തിൽ അവരെ അനുഗ്രഹിക്കയും ചെയ്യേണ്ടത് എത്രയും യോഗ്യവും മുറയുമാകുന്നു.

19. കുമ്പസാരിക്കുന്നവർ തങ്ങളുടെ സകല പാപങ്ങളെയും മനസ്സാക്ഷിയുടെ സ്ഥിതിയേയും പട്ടക്കാരനോടു വെളിപ്പെടുത്തേണ്ടതാകുന്നു. കുമ്പസാരത്തിൽ പട്ടക്കാരനോട് ഏറ്റുപറയുന്ന രഹസ്യ പാപങ്ങളെ പട്ടക്കാരൻ ഒരുത്തനോടു വെളിപ്പെടുത്തുകയും അരുത്. വെളിപ്പെടുത്തുന്ന പട്ടക്കാരൻ ശിക്ഷാവിധിക്കു യോഗ്യനായി തീരുകയും ചെയ്യും.

### പട്ടക്കാർ

20. പട്ടക്കാർ ഭൂമിക്കടുത്തവരെ സ്വർഗ്ഗത്തിനടുത്തവരും മൃഗസ്വഭാവികളെ ദൈവസ്വഭാവികളുമാക്കിത്തീർക്കുന്നതിനുള്ള വഴികാട്ടികളും കാണപ്പെടാവതല്ലാത്ത ദൈവത്തിന്റെ സ്ഥാനപതികളും, തന്റെ സഭയ്ക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന വി. കൂദാശകളെ ശുശ്രൂഷിക്കുന്നവരും ആകുന്നു.

21. ഒരുവൻ സ്വമേധയാ തനിക്കായിട്ട് ഈ സ്ഥാനത്തെ പ്രാപിപ്പാൻ കഴിയുന്നതല്ല. ദൈവത്തിന്റെ ഇഷ്ടപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരും മിശിഹായിൽ നിന്നുള്ള കൈവെപ്പു വഴിയായി മേൽപ്പട്ടക്കാരിൽ നിന്നു കൈവെപ്പു പ്രാപിച്ചവരുമായവർക്കു മാത്രം ഇത് ഇരിക്കുന്നതാകുന്നു. ഇപ്രകാരമുള്ള കൈവയ്പും അനുവാദവും ഇല്ലാതെ ഒരുത്തനും സഭയിൽ ശുശ്രൂഷ ചെയ്വാനോ പരസ്യമായി പ്രസംഗിപ്പാനോ അധികാരമില്ല.

### വിവാഹം

22. വിവാഹം എന്നതു പുരുഷനും സ്ത്രീയും തമ്മിൽ വേർതിരിഞ്ഞു കൂടാത്തവണ്ണം ആത്മപ്രകാരം അവരെ ബന്ധിക്കയും അവർക്കും അവരുടെ സന്തതികൾക്കും ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങളും വാഴ്വുകളും കൊടുക്കയും ചെയ്യുന്ന ഒരു വിശുദ്ധ കൂദാശയാകുന്നു.

23. വിവാഹം നല്ലതും വിവാഹം ചെയ്യരുതെന്ന് ഒരുത്തനോടും വിരോധിച്ചു കൂടാത്തതുമത്രേ.

24. വിവാഹം ഒരു ഉടമ്പടി എന്നു മാത്രമല്ല ഒരു വിശുദ്ധ കൂദാശയും, പുരുഷന് സ്ത്രീ വിവാഹം പറഞ്ഞു ബോധിക്കപ്പെടുന്നതും അവർ ഇരുവരും ഒരു ജഡമായി ഇണചേർക്കപ്പെടുന്നതും ദൈവത്താൽ ആക കൊണ്ട് ദൈവത്തിന്റെ സ്ഥാനപതിയായ പട്ടക്കാരൻ കൂടാതെ വിവാഹ കൂദാശ നിവർത്തിക്കപ്പെടാവുന്നതല്ല.

25. വിവാഹം ചെയ്യരുതെന്ന് ഒരുത്തനോടും വിരോധിച്ചു കൂടാത്തതെങ്കിലും ഒരുത്തൻ തന്റെ സ്വന്ത മനസ്സിൽ വിവാഹം ഉപേക്ഷിച്ചു തന്റെ ആത്മാവിനെയും ശരീരത്തെയും ദൈവത്തിന്റെ മുമ്പാകെ വെടിപ്പോടു കൂടെ കാത്തു ദൈവത്തിനു വേല ചെയ്യുന്നുവെങ്കിൽ ഏറ്റം നല്ലതാകുന്നു.

### പ്രാർത്ഥന

26. പ്രാർത്ഥന എന്നത് മനുഷ്യർ തങ്ങളുടെ സ്രഷ്ടാവിനോടുള്ള കർത്തവ്യത്തെയും തന്നിൽ നിന്നനുഭവിക്കുന്ന നന്മകളെയും തിരിച്ചറിഞ്ഞു സ്തുതിപാടി തന്റെ ഇഷ്ടം സമ്പാദിക്കയും തങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കും

http://www.malankaraorthodox.tv/

ശരീരത്തിന്റെ പുലർച്ചയ്ക്കും ആവശ്യമുള്ള കാര്യങ്ങളെ തന്നോടു ചോദിച്ചു വാങ്ങിക്കയും ചെയ്‌വാനായിട്ടു തങ്ങളുടെ ഹൃദയങ്ങളെ സ്രഷ്ടാവായ ദൈവത്തിങ്കലേക്ക് ഉയർത്തി തന്നോടുകൂടെ സംസർഗ്ഗം ചെയ്യുന്നതാകുന്നു.

27. രഹസ്യപ്രാർത്ഥനകളും പരസ്യപ്രാർത്ഥനകളും ഭക്തിയോടും വിശ്വാസത്തോടും കൂടെ കഴിക്കേണ്ടതാകുന്നു.

28. മരിച്ചുപോയ പരിശുദ്ധന്മാർ ആത്മാവിൽ ജീവനുള്ളവരാകയാൽ ജീവനോടിരിക്കുന്ന പരിശുദ്ധന്മാരെപ്പോലെ തന്നെ അവരേയും മിശിഹായുടെ നിമിത്തം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതു കർത്താവിനെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്കയാകുന്നു.

29. അബ്രഹാം, ഇസ്സഹാക്ക്, യാക്കോബ്, ദാവീദ് മുതലായി ദൈവത്തിന്റെ ഇഷ്ടന്മാരായ പൂർവ്വപിതാക്കന്മാരെ ഓർത്ത് ഞങ്ങളോടു കരുണയുണ്ടാകണമേ എന്ന് അവരുടെ സന്തതികൾ പ്രാർത്ഥിക്കയും ദൈവം അതിനെ കേട്ട് അവരുടെ യാചന നൽകുകയും ചെയ്തപ്രകാരം ആത്മാവിൽ നമ്മെ ജനിപ്പിച്ചവരും ജീവന്റെ വഴി നമുക്കു കാണിച്ചുതന്നവരും മിശിഹായിക്കു വേണ്ടി തങ്ങളുടെ രക്തം ചീന്തിയവരും ആയ പരിശുദ്ധന്മാരെ ഓർത്ത് ഞങ്ങളോടു കരുണയുണ്ടാകണമേ എന്നു നാം പ്രാർത്ഥിക്കുന്നത് നല്ലതും ദൈവത്തിന്റെ മുമ്പാകെ കൈക്കൊള്ളപ്പെടുന്നതും ആകുന്നു.

30. മരണം എന്നതു ആത്മാവും ശരീരവും തമ്മിലുള്ള വേർതിരിവ് എന്നല്ലാതെ ആത്മാവിനെ ഇല്ലാതാക്കുന്ന ഒരു സംഭവമല്ലാത്തതിനാലും പരിശുദ്ധന്മാരുടെ ആത്മാക്കൾ ദൈവം അവർക്കു കൊടുത്തിട്ടുള്ള അച്ചാരമായ ശുദ്ധമുള്ള റൂഹായുടെ നൽവരത്തോടുകൂടെ സന്തോഷങ്ങളുടെ സ്ഥലത്ത് ഇരുന്നുകൊണ്ട് മാലാഖമാരെപ്പോലെ ദൈവത്തെ സ്തുതിക്കയും ലോകത്തിലുള്ളവരുടെ രക്ഷയ്ക്കുവേണ്ടി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിനാലും ഇപ്രകാരമുള്ള പരിശുദ്ധന്മാരോട് ഞങ്ങൾക്കുവേണ്ടി ദൈവത്തോട് അപേക്ഷിപ്പിൻ എന്നു പറയുന്നതും പ്രയോജനം ഉള്ളതാകുന്നു.

31. ദൈവം പരിശുദ്ധന്മാരുടെ അപേക്ഷയിൽ മാത്രമല്ല, അവരുടെ സഹായത്തെ യാചിക്കുന്നവരുടെ വിശ്വാസത്തിലും ആന്തരികത്തിലും കൂടെ സൂക്ഷിച്ചു അവരുടെ യാചന നൽകുന്നവനാകുന്നു. അതിനാൽ ഏതുവിധം വിചാരിച്ചാലും പരിശുദ്ധന്മാരുടെ പ്രാർത്ഥന വളരെ നല്ലതും പ്രയോജനമുള്ളതുമാകുന്നു.

32. നാം പരിശുദ്ധന്മാരെ ദൈവത്തിന്റെ സമന്മാരാക്കാതെ തന്റെ ഇഷ്ടന്മാരെന്നുള്ള സ്ഥിതിയിൽ അവരോടു ചെയ്യുന്ന സകലവും ദൈവത്തിന്റെ മുമ്പാകെ നല്ലതും പ്രസാദമുള്ളതും ആകുന്നു. ലോകത്തിൽ നടക്കുന്ന സംഗതികളെ ദൈവദൂതന്മാരും പരിശുദ്ധന്മാരുടെ ആത്മാക്കളും അറിയുന്നതു ദൈവം അവർക്കു കൊടുത്തിട്ടുള്ള ആത്മശക്തിയാൽ അല്ലാതെ ദൈവത്തെപ്പോലെ സ്വഭാവേനയുള്ള സർവ്വവ്യാപിത്വം മൂലമല്ല.

33. ദൈവമാതാവ്, ശ്ലീഹന്മാർ, സഹദേന്മാർ, പരിശുദ്ധ സ്ത്രീകൾ എന്നിവരുടെ ഓർമ്മ കഴിക്കേണ്ടതു മുറയും യോഗ്യവും ആകുന്നു. അവരുടെ ഓർമ്മ നമുക്കു അനുഗ്രഹത്തിനും അവരുടെ പ്രാർത്ഥന സഹായവും ആയിരിക്കും.

34. നമ്മുടെ കർത്താവ് മനുഷ്യനായി ജനിച്ചതും നോമ്പു നോറ്റതും തന്നെത്താൻ ബലി നൽകിയതും പാതാളത്തിലേക്കു ഇറങ്ങി പ്രസംഗിച്ചതും ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നുകൊണ്ട് മദ്ധ്യസ്ഥത പറയുന്നതുമായ തന്റെ സകല നടപടികളും ആദാം മുതൽ അവസാന നാൾവരെയുള്ള സകല മനുഷ്യർക്കും വേണ്ടിയത്രെ.

35. തലയായിരിക്കുന്ന മശിഹാ ആദാം മുതൽ അവസാനം വരെയുള്ള സകല മനുഷ്യരേയും തന്റെ ശരീരമായി കണക്കിട്ട് അവരുടെ എല്ലാവരുടെയും കാര്യം അന്വേഷിക്കുന്നപ്രകാരം ആദാം മുതൽ അവസാനം വരെയുള്ള എല്ലാവരും തമ്മിൽ തമ്മിൽ അവയവങ്ങളാകയാൽ അവയവങ്ങളെപ്പോലെ അന്യോന്യം ഭാരം വഹിക്കുകയും ഒരുത്തനുവേണ്ടി ഒരുത്തൻ അപേക്ഷിക്കുകയും ചെയ്‌വാൻ ന്യായമാകുന്നു. നാം നമുക്ക് വേണ്ടിയും ജീവനോടിരിക്കുന്നവരായ നമ്മുടെ സഹോദരന്മാർക്കു വേണ്ടിയും ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമേ എന്ന് അപേക്ഷിക്കുന്നത് നാം ഇനി ജഡത്തിൽ ജീവിച്ചിരുന്നു നന്മയിൽ വളരാവുന്നവരാകയാൽ നമ്മോടു ക്ഷമിപ്പാൻ ന്യായമുണ്ടെന്നുള്ള അന്തരത്തിൽ അല്ലല്ലോ? തിരിയെ ജീവിക്കുമെന്നുള്ള ആശയില്ലാത്തപ്രകാരം മരണശ്വാസത്തിൽ കിടക്കുന്ന രോഗികളുടെ പാപമോചനത്തിനുവേണ്ടി അപേക്ഷിക്കുന്നതും മേലാൽ അവർ ജഡത്തിൽ ജീവിച്ചിരുന്നു നന്മ ചെയ്‌വാൻ സംഗതിയാക്കിക്കൊണ്ട് അവരുടെ കഴിഞ്ഞ പാപങ്ങളെ ക്ഷമിക്ക എന്നല്ലല്ലോ. മരിക്കുന്നുവെങ്കിലും ജീവിക്കുന്നുവെങ്കിലും ചെയ്തുപോയ പാപങ്ങൾക്കു മോചനം യാചിക്കുന്നത് ദൈവം തന്റെ കൃപ മൂലം ക്ഷമിക്കണമെന്നത്രെ. അപ്രകാരംതന്നെ മരിച്ചുപോയ നമ്മുടെ സഹോദരന്മാർക്കുവേണ്ടി, അപേക്ഷിക്കുന്നതും തന്റെ കൃപ മൂലം അവർക്ക് മോചനം നൽകണമെന്നത്രെ.

36. മരിച്ചുപോയവർക്കു നമ്മുടെ പ്രാർത്ഥന മുഖാന്തിരം രക്ഷയ്ക്കുള്ള ആശ വർദ്ധിക്കുകയും പാപങ്ങൾ മോചിക്കപ്പെട്ട് ആശ്വാസം ലഭിക്കുകയും ചെയ്യുന്നതാകുന്നു. അതിനാൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന എത്രയും യോഗ്യവും മുറയും ആകുന്നു.

37. കർത്താവിൽ മരിക്കുന്നവരായ മാതാപിതാക്കന്മാർക്കുവേണ്ടിയും സഹോദരീസഹോദരന്മാർക്കു വേണ്ടിയും പ്രാർത്ഥന കഴിക്കുന്നതു കൂടാതെ അവർക്കുവേണ്ടി നോമ്പു നോക്കുക, അവരുടെ ഓർമ്മദിവസങ്ങളിൽ നമ്മുടെ കർത്താവിന്റെ ബലിയെ ഓർപ്പിച്ചു കൃപ യാചിക്കുന്നതായ കുർബാന കഴിപ്പിക്ക, ദൈവത്തിൽ നിന്നുള്ള കൃപയ്ക്കു പാത്രീഭവിക്കുന്നതായ ദാനധർമ്മങ്ങൾ കൊടുക്ക മുതലായവ ചെയ്യുന്നത് നല്ലതും ദൈവത്തിന്റെ മുമ്പാകെ പ്രസാദമുള്ളതും ആകുന്നു. നമ്മുടെ കർത്താവ് നടത്തിയിട്ടുള്ള സകല പ്രവർത്തികളും തന്റെ ബലിയും ജീവനുള്ളവർക്കുവേണ്ടി മാത്രമല്ല, മരിച്ചവർക്കുവേണ്ടിയും കൂടെയത്രെ.

http://www.malankaraorthodox.tv/

**ആത്മാവ്**

38. ദൈവം മനുഷ്യന് ശിക്ഷയും രക്ഷയും നിശ്ചയിച്ചിരിക്കുന്നതു ശരീരത്തിനും ആത്മാവിനും കൂടെയല്ലാതെ ശരീരത്തിനു മാത്രമോ ആത്മാവിനു മാത്രമോ അല്ല.

39. ശരീരം ദൈവത്തിന്റെ സൃഷ്ടിയായിരിക്കുന്നപ്രകാരം ആത്മാവും തന്റെ സൃഷ്ടിയത്രേ. ആയതു ദൃഢബുദ്ധിയോടു കൂടിയതും അവസാനം ഇല്ലാത്തതുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എങ്കിലും തടസ്സം ഇല്ലാത്ത തല്ല. എന്നാൽ ആത്മാവ് ദൈവത്തിന്റെ ഒരംശം അല്ലാതെ സൃഷ്ടിക്കപ്പെട്ടതല്ലെന്നും അതിനാൽ ആയതു ശിക്ഷയ്ക്കു പാത്രമായിത്തീരുന്നതല്ലെന്നും ചിലർ പറയുന്ന ഉപദേശം വലിയ വേദവിപരീതവും മനുഷ്യരെ വലുതായ ആപത്തിലേയ്ക്കു വലിച്ചുകൊണ്ടു പോകുന്നതും അത്രേ.

**പാപം**

40. ആദിപാപം മൂലം സകല മനുഷ്യരും ശിക്ഷാവിധിക്കു യോഗ്യന്മാരായി തീർന്നതു കൂടാതെ കർമ്മപാപം മൂലവും സകലരും ദൈവസന്നിധിയിൽ കുറ്റക്കാരായിരിക്കുന്നു. മനുഷ്യരിൽ ഒരുത്തൻപോലും പാപം ഇല്ലാത്തവൻ ഇല്ലെങ്കിലും പാപം എന്നതു മനുഷ്യരിൽ പ്രകൃതിയാലെ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതല്ല. അതു കല്പന സംബന്ധമായുള്ളതും കല്പനാലംഘനത്താൽ ഉണ്ടായിട്ടുള്ളതും അത്രേ.

41. മനുഷ്യൻ നന്മയോ തിന്മയോ ചെയ്യുന്നത് തനിക്കുള്ള സ്വാതന്ത്ര്യംമൂലമല്ലാതെ സൃഷ്ടിപ്പിലുള്ള പ്രകൃതവ്യത്യാസത്താൽ അല്ല; ദൈവം ഒരുത്തനെയും പാപിയായി സൃഷ്ടിച്ചിട്ടില്ല. ബലബന്ധത്താൽ ഒരുത്തനെക്കൊണ്ടും നന്മയോ തിന്മയോ ചെയ്യിച്ചുകൊണ്ടു അതിന് പ്രതിപകരം കൊടുക്കുന്നതുമില്ല. എന്നാലോ നന്മയും തിന്മയും ഇന്നതെന്ന് അറിയിക്കയും നന്മയിലേയ്ക്ക് തിരിയുന്നതിനും നന്മ ചെയ്യുന്നതിനും ആഗ്രഹിക്കുകയും സഹായിക്കുകയും തിന്മ ചെയ്യുന്നതിനു ഇഷ്ടം ഇല്ലായ്കയാൽ ആയതിന് സഹായിക്കാതെ അവനവന്റെ ഇഷ്ടത്തിനു വിട്ടുകൊടുക്കുകയും ചെയ്യുന്നു. ഒരുത്തനെക്കൊണ്ടും ബലബന്ധത്താൽ പാപം ചെയ്യിക്കുന്നതിനു സാത്താനും അധികാരം കൊടുത്തിട്ടില്ല.

42. സാത്താൻ മനുഷ്യരെ പാപത്തിലേയ്ക്കു വീഴിക്കുന്നത് അവന്റെ വശീകരണത്താൽ മാത്രമാകുന്നു. വിശ്വാസം, നല്ല പ്രവൃത്തികൾ എന്നിവയ്ക്ക് വലിപ്പച്ചെറുപ്പം ഉള്ള പ്രകാരംതന്നെ പാപത്തിനും വലിപ്പച്ചെറുപ്പം ഉണ്ട്. എന്നല്ലാതെ അനുതാപത്താൽ ക്ഷമിക്കപ്പെടാത്ത പാപം ഇല്ല. അതിനാൽ യാതൊരു പാപത്തെക്കുറിച്ചും നിരാശപ്പെടാതെ പ്രത്യേകം ഹൃദയത്തകർച്ചയോടും നിലവിളിയോടുംകൂടെ കരുണയുള്ള ദൈവത്തോട് അനുതപിക്കേണ്ടതാകുന്നു.

**അനുതാപം**

43. സത്യ അനുതാപം എന്നു പറയുന്നതു ചെയ്തുപോയ പാപങ്ങൾക്കുവേണ്ടി ദുഃഖിച്ചു മാപ്പു ചോദിക്കയും ചെയ്തുവരുന്ന പാപങ്ങളിൽ നിന്നും ഒഴികയും മേലാൽ ദൈവത്തിനു ഇഷ്ടമാംവണ്ണം പരമാർത്ഥമുള്ള അനുസരണത്തിൽ നടക്കണമെന്ന് മനസ്സിൽ ഉറക്കയും ചെയ്യുന്നതാകുന്നു. ഏതു പാപിക്കും അനുതാപത്തിന്റെ വാതിൽ അടയ്ക്കപ്പെടുവാനുള്ളതല്ല. ഏതു സമയത്തും ഏതു സ്ഥിതിയിലും ചെയ്തുപോയിട്ടുള്ള സകലവിധ പാപങ്ങളെക്കുറിച്ചും നല്ല ശരണത്തോടും സത്യവിശ്വാസത്തോടുംകൂടെ അനുതപിച്ച് കരുണയുള്ള ദൈവത്തിങ്കലേയ്ക്ക് അടുത്തുചെല്ലേണ്ടതാകുന്നു.

**നോമ്പ്**

44. നോമ്പ് ദൈവം ആദ്യം ആദാമിന്നു കൊടുത്ത കല്പനപ്രകാരം യഹൂദസഭയിൽ ദൈവകല്പനപ്രകാരം നടത്തിവന്നതും നമ്മുടെ കർത്താവ് കല്പിച്ചും പ്രവർത്തിച്ചും പഠിപ്പിച്ചിരിക്കുന്നതും തന്റെ ശ്ലീഹന്മാർ ആചരിച്ചുവന്നതും ശുദ്ധമുള്ള സഭയിൽ കല്പിച്ചു സ്ഥിരപ്പെടുത്തി നടന്നുവരുന്നതുമാകുന്നു. എന്നാൽ തിന്മകളിൽ നിന്ന് ഒഴിഞ്ഞ് ആത്മാവിലുംകൂടെ നോമ്പു നോക്കാതെ ഭക്ഷണങ്ങളിൽ നിന്നൊഴിഞ്ഞ് ശരീരത്തിൽ മാത്രം നോമ്പു നോറ്റാൽ പോരാത്തതത്രേ.

45. നോമ്പിന്റെ ആന്തരം ജഡകാര്യങ്ങളേക്കാൾ ആത്മകാര്യങ്ങളെ വില മതിക്കേണ്ടതെന്നു പഠിപ്പിപ്പാനും, ജഡമോഹങ്ങളെ കീഴടക്കി ആത്മാവിനെ പുഷ്ടിയാക്കുവാനും, ജഡമോഹങ്ങളെ നിരോധിച്ചുകൊണ്ടു ആത്മാവിനെ ദൈവിക കാര്യങ്ങളിലേക്കു ഉണർത്തുവാനും സാത്താനെ ജയിക്കുന്നതിന് ഒരായുധമായിരിപ്പാനും അത്രെ. ഉദരസ്നേഹം അനേകപാപങ്ങളുടെ മാതാവാകയാൽ അതിൽ നിന്നുണ്ടാകാവുന്ന പാപങ്ങളെ തടുപ്പാൻ നോമ്പ് ഒരു നല്ല വഴിയും ആകുന്നു.

**രക്ഷയും ശിക്ഷയും**

46. സകല മനുഷ്യരുടെയും വിശ്വാസവും നീതിയും ഒരു അളവിൻപ്രകാരം അല്ല. അങ്ങനെതന്നെ എല്ലാവരുടെയും പാപങ്ങളും ഒരു അളവിൻപ്രകാരം അല്ല. വിശ്വാസം, നീതി, പാപം എന്നിവയ്ക്കു വലിപ്പച്ചെറുപ്പം ഉണ്ട്.

47. ന്യായവിധിയുടെ ദിവസത്തിൽ ദൈവം മനുഷ്യർക്ക് ശിക്ഷയും രക്ഷയും കൊടുക്കുന്നതും എല്ലാവർക്കും ഒരുപോലെയല്ല. അവനവന്റെ വിശ്വാസത്തിന്റെയും പ്രവൃത്തികളുടെയും അളവിൻപ്രകാരം കൂടുതൽ കുറവായിട്ടത്രെ. ആയതു നിത്യശിക്ഷയും നിത്യരക്ഷയും ആകുന്നു. ഒരുത്തൻ നന്മയിൽനിന്നു തിന്മയിലേയ്ക്ക് തിരിയുന്നുവെങ്കിൽ അവന്റെ ആദ്യത്തെ നന്മയും ഓർമ്മപ്പെടുന്നതല്ല. എന്നാലോ അതിൽ അവനവൻ നില്ക്കുന്നതായുള്ള നന്മയുടെയോ

http://www.malankaraorthodox.tv/

തിന്മയുടേയോ വലിപ്പച്ചെറുപ്പം പോലെ നിത്യരക്ഷയോ നിത്യശിക്ഷയോ അനുഭവിക്കുന്നതാകുന്നു. കരുണയും നീതിയും നിറഞ്ഞിരിക്കുന്നതായ ദൈവത്തിന്റെ ഈ നിശ്ചയം അനുതാപികൾക്ക് ആശയും താല്പര്യവും ജനിപ്പിക്കുന്നതത്രെ.

### ഉയിർപ്പ്

48. മരണത്തിൽ ആത്മാവും ശരീരവും തമ്മിൽ വേർതിരിയുകയും ശരീരം പൂഴിയായിത്തീരുകയും ചെയ്യുന്നു. എങ്കിലും അവസാന ദിവസത്തിൽ ശരീരം വീണ്ടും ഉയിർത്തെഴുന്നേൽക്കുകയും ആത്മാവും ശരീരവും തമ്മിൽ ഒന്നിച്ചുചേർന്ന് നാശമില്ലായ്മയെ ധരിക്കയും നിത്യരക്ഷയോ നിത്യശിക്ഷയോ അനുഭവിക്കുകയും ചെയ്യുന്നതാകുന്നു.

49. ഇപ്രകാരം അല്ലാതെ ചില വേദവിപരീതികളെപ്പോലെയും പുറജാതികളെപ്പോലെയും ഉയിർപ്പ് ഇല്ലെന്നോ നീതിമാൻമാർക്ക് മാത്രമേ ഉള്ളൂ എന്നോ ഉയിർപ്പ് എന്നു പറയുന്നതു ആത്മാവ് ശരീരത്തിൽ നിന്നു വേറൊരു ശരീരത്തിലേയ്ക്കു പ്രവേശിക്കയാകുന്നു എന്നോ യാതൊരു പ്രകാരത്തിലും വിശ്വസിച്ചു പോകരുതാത്തതത്രെ.

### വിശുദ്ധ ഗ്രന്ഥം

50. ദൈവാത്മാവ് മൂലം എഴുതപ്പെട്ടവയും വിശുദ്ധ പിതാക്കന്മാർ കാനോനായ്ക്കടുത്തവയായി വേർതിരിച്ചു സ്ഥിരപ്പെടുത്തിയിരിക്കുന്നവയുമായ പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള പുസ്തകങ്ങളെ പ്രമാണപ്പെട്ടവയായി എല്ലാവരും അംഗീകരിക്കേണ്ടതാകുന്നു.

51. മാമോദീസാ, ശുദ്ധമുള്ള കുർബാന, വിവാഹം മുതലായ വിശുദ്ധകൂദാശകളിലെ കർമ്മങ്ങളും ദനഹാ, ഊശാന, സ്കീപ്പൂസായുടെ വെള്ളിയാഴ്ച, ഉയിർപ്പ്, പെന്തിക്കോസ്തി മുതലായ ദിവസങ്ങളിലെ ശുശ്രൂഷകളും സത്യ ഉപദേശത്തിനും വിശ്വാസരീതിക്കും ചേരുന്നവയും വിശുദ്ധസഭയാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന തക്സാ പുസ്തകങ്ങളിൻപ്രകാരം നടത്തിവരുന്നവയും ആകയാൽ ഇവരെ തന്നിഷ്ടമായി ഒരുത്തനു വ്യത്യാസം ചെയ്തുകൂടാത്തതാകുന്നു.

### സത്യവിശ്വാസവും സമാധാനവും

52. സമാധാനത്തിനുവേണ്ടി ഒരുത്തൻ തന്റെ വിശ്വാസത്തെ ഉപേക്ഷിക്കുകയോ മനഃസാക്ഷിക്കു എതിരായി പ്രവർത്തിക്കയോ ചെയ്യാൻ നിവൃത്തിയില്ല. പാത്രിയർക്കീസായാലും മെത്രാപ്പോലീത്തായായാലും ആരായാലും അങ്ങനെ ചെയ്യാവുന്നതല്ല. നമ്മുടെ കർത്താവ് ലോകത്തെ പിതാവായ ദൈവത്തോട് നിരപ്പാക്കാൻ വന്നതാകുന്നു. എന്നാൽ സാപ്രെന്മാരും പ്രീശന്മാരും തന്നെ പിടിച്ചപ്പോൾ സമാധാനത്തിനുവേണ്ടി അവർ ആവശ്യപ്പെട്ടവണ്ണം ഒക്കെ ചെയ്യാമായിരുന്നു. എന്നിട്ടു താൻ അങ്ങനെ ചെയ്തില്ല. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ ഭാവിയിൽ വരാനുള്ള വലിയ സമാധാനം - അതായത് പിതാവായ ദൈവത്തോടു ലോകത്തെ സമാധാനപ്പെടുത്തുക എന്നുള്ളത് - സാധിക്കയില്ലായിരുന്നു. അതിനാൽ കർത്താവ് സകല കഷ്ടതയും ആ വലിയ സമാധാനത്തിനുവേണ്ടി സഹിക്കാമെന്നാണ് വെച്ചത്. ഞാൻ പറഞ്ഞത് സാധിക്കണം എങ്കിലേ സമാധാനം ഉണ്ടാവുകയുള്ളു എന്ന് ഒരുവൻ പറയുന്നുവെങ്കിൽ അതു നിഗളമാകുന്നു. എന്നാൽ സത്യവും വിശ്വാസവും ഇന്നതാണെന്ന് ഒരുവൻ നല്ലതുപോലെ ഗ്രഹിച്ചിട്ട് അവയ്ക്കു ഭംഗം വരുത്താതെ അവയിൽ സ്ഥിരമായി നിൽക്കുന്നുവെങ്കിൽ അതു നല്ലതാകുന്നു.

53. സത്യവിശ്വാസത്തിന് എതിരാളികളായി കാണപ്പെടുകയോ സഭയിൽ വിരുദ്ധമുണ്ടാക്കുകയോ സഭയുടെ നിശ്ചയങ്ങളെയും തങ്ങളുടെ മേലധികാരികളുടെ കൽപനകളെയും അനുസരിക്കാതിരിക്കുകയോ പൈശാചികമായി നടക്കുകയോ ചെയ്യുന്നവരെ സഭയിൽ നിന്നു തിരിച്ചു ഭ്രഷ്ടരാക്കുവാൻ സഭയ്ക്കും സഭയുടെ ഭരണക്കാർക്കും അധികാരമുണ്ട്. സഭയിൽനിന്നു ഭ്രഷ്ടരാക്കുന്നവരെ സത്യമുള്ള അനുതാപത്താൽ തിരിയെ കൈക്കൊള്ളുന്നതുവരെ വിശ്വാസത്തിന് അന്യന്മാരെപ്പോലെ വിചാരിപ്പാനുള്ളതാകുന്നു.

### കാതോലിക്കാ സിംഹാസനം

54. നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു.

### അന്ത്യവചനം

55. കടശ്ശി, പ്രിയ മക്കളെ! നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല. നമ്മുടെ കർത്താവിന്റെ രക്തത്താലല്ലാതെ ഒരു നീതിമാനും നീതികരിക്കപ്പെടുന്നില്ല. നമ്മുടെ ഭരണകാലത്തു നാം നിങ്ങളിൽ ആരെങ്കിലും വ്യസനിപ്പിക്കയോ നഷ്ടപ്പെടുത്തുകയോ മനസ്സോടും മനസ്സു കൂടാതെയും അറിവോടും അറിവു കൂടാതെയും വല്ല ദോഷവും ചെയ്തു പോയിട്ടുണ്ടെങ്കിൽ അവയെല്ലാം പാപികൾക്കുവേണ്ടി തന്റെ ജീവനെ ഏല്പിച്ചുകൊടുക്കയും തന്നെ കുരിശിൽ തൂക്കിയവർക്കുവേണ്ടി തന്റെ പിതാവിനോടു പ്രാർത്ഥിക്കയും ചെയ്തവനായ കർത്താവീശോ മ്ശിഹായിൽ നമ്മോടു ക്ഷമിക്കണമെന്നു നാം ഓരോരുത്തരോടും അപേക്ഷിക്കുന്നു.

56. അപ്രകാരം തന്നെ ആരെങ്കിലും നമ്മോടു വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു നാം നമ്മുടെ മനസ്സിൽ അശ്ശേഷം ശേഷിപ്പിച്ചിട്ടില്ലെന്നും മ്ശിഹായിൽ നാം ക്ഷമിച്ചിരിക്കുന്നു എന്നും നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു.

http://www.malankaraorthodox.tv/

57. പിന്നെയും പ്രിയരെ! നിങ്ങൾ ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാർത്ഥിപ്പിൻ എന്നു വിശുദ്ധ യാക്കോബു കല്പിച്ചിരിക്കുന്നതുപോലെ നമുക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിപ്പിൻ. നാം മരിക്കുന്നതായാലും സ്വസ്ഥത പ്രാപിക്കുന്നതായാലും നിങ്ങളുടെ പ്രാർത്ഥന നമുക്കു വിലയേറിയ സഹായമാകുന്നു.

58. 'ഞാൻ നല്ല പോർ പൊരുതു, ഓട്ടത്തെ തികച്ചു, വിശ്വാസത്തെ കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. ആയതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു തരും' എന്നു വിശുദ്ധ പൗലൂസ് തന്നെക്കുറിച്ചു തന്നെ പറഞ്ഞ വചനം പാപിയായ നമ്മിലും നിവർത്തിക്കുന്നതിനായി നമുക്കുവേണ്ടി ഇപ്പോഴും നമ്മുടെ കാലശേഷവും നിങ്ങൾ പ്രാർത്ഥിക്കുകയും പട്ടക്കാർ വി. കുർബ്ബാന ചൊല്ലുകയും ചെയ്യണമെന്നു നിങ്ങളുടെ സ്നേഹത്തോടു നാം അപേക്ഷിക്കുന്നു.

59. നമ്മുടെ കർത്താവായ യേശുമ്ശിഹാ അദൃശ്യമായിരിക്കുന്ന തന്റെ വലത്തു കൈയെ ബലഹീനനും പാപിയുമായ നമ്മുടെ വലത്തു കൈയ്യോടുകൂടി നിങ്ങളുടെമേൽ നീട്ടി നിങ്ങളെയും നിങ്ങളുടെ ഭവനങ്ങളെയും നിങ്ങളുടെ കൈകൾ ചെയ്യുന്ന എല്ലാ വേലകളെയും അനുഗ്രഹിക്കയും നമ്മെയും നിങ്ങളെയും വിശ്വാസികളായ നിങ്ങളുടെ എല്ലാ മരിച്ചു പോയവരെയും തന്റെ സ്വർഗ്ഗീയ പറുദൈസോയിൽ ആശ്വസിപ്പിക്കുകയും ചെയ്യുവാൻ നാം പ്രാർത്ഥിക്കുന്നു.

സമ്പാദകൻ: **ഡോ. സാമുവൽ ചന്ദനപ്പള്ളി**

http://www.malankaraorthodox.tv/